

ദിവ്യാത്ഭുതം കണ്ടുകഴിഞ്ഞിട്ടും അധർമത്തിൽ മുന്നേറുന്നവരെ നശിപ്പിച്ചുകളയുകയെന്നതാണ് ദൈവികചര്യ. സമൂദ് ജനത ദൃഷ്ടാന്തമാവശ്യപ്പെട്ടു. അല്ലാഹു അതു കാട്ടിക്കൊടുത്തു. എന്നിട്ടവർ വിശ്വസിച്ചുവോ? തൽഫലമായി അവർ നാശത്തിൽ പതിക്കുകയായിരുന്നില്ലേ? ഫറവോനികൾക്ക് പലതരം ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടുത്തു. അവരും വിശ്വസിക്കാൻ വിസമ്മതിച്ചതിനാൽ നശിപ്പിക്കപ്പെടുകയായിരുന്നില്ലേ?

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

وَمَآ أَرۡسَلۡنَا قَبۡلَكَ إِلَّا رِجَالٗا نُّوحِيٓ إِلَيۡهِمۡۖ فَسۡـَٔلُوٓاْ أَهۡلَ ٱلذِّكۡرِ إِن كُنتُمۡ لَا تَعۡلَمُونَ ٧

**7.** പ്രവാചകാ; നിനക്കു മുമ്പും നാം ദൂതന്മാരായി നിയോഗിച്ചിട്ടുള്ളത് മനുഷ്യരെ തന്നെയാകുന്നു. ആ മനുഷ്യർക്കു നാം ദിവ്യസന്ദേശം നൽകുകയായിരുന്നു. ജനമേ, നിങ്ങൾക്കറിവില്ലെങ്കിൽ വൈദികരോടു ചോദിച്ചു നോക്കുക.

وَمَا جَعَلۡنَٰهُمۡ جَسَدٗا لَّا يَأۡكُلُونَ ٱلطَّعَامَ وَمَا كَانُواْ خَٰلِدِينَ ٨

**8.** ദൈവദൂതന്മാരെ നാം അന്നം തിന്നാത്ത ദേഹമാക്കിയിട്ടില്ല. അവർ അമരന്മാരായിരുന്നുമില്ല.

ثُمَّ صَدَقۡنَٰهُمُ ٱلۡوَعۡدَ فَأَنجَيۡنَٰهُمۡ وَمَن نَّشَآءُ وَأَهۡلَكۡنَا ٱلۡمُسۡرِفِينَ ٩

**9.** പിന്നെ ആ ദൈവദൂതന്മാരോടു നാം വാഗ്ദാനം പാലിച്ചു. അങ്ങനെ അവരെയും നാം ഇഛിച്ച മറ്റുള്ളവരെയും രക്ഷിച്ചു. അധർമത്തിൽ അതിരുവിട്ടവരെ നശിപ്പിച്ചുകളഞ്ഞു.

لَقَدۡ أَنزَلۡنَآ إِلَيۡكُمۡ كِتَٰبٗا فِيهِ ذِكۡرُكُمۡۚ أَفَلَا تَعۡقِلُونَ ١٠

**10.** ജനമേ, നിങ്ങൾക്കിതാ നാം സത്യവേദമിറക്കിത്തന്നിരിക്കുന്നു. നിങ്ങൾക്കുള്ള ഉദ്ബോധനമാണതിലുള്ളത്. നിങ്ങൾ മനസ്സിലാക്കുന്നില്ലെയോ?

**7**

وَمَآ أَرۡسَلۡنَا = നാം (ദൂതനായി) നിയോഗിച്ചിട്ടില്ല(ച്ചിട്ടുള്ളത്) قَبۡلَكَ = നിനക്ക് മുമ്പ്

إِلَّا رِجَالٗا = പുരുഷന്മാരെയല്ലാതെ(മനുഷ്യരെത്തന്നെയാകുന്നു)

نُّوحِيٓ إِلَيۡهِمۡۖ = അവരിലേക്ക് നാം ദിവ്യസന്ദേശം അയക്കു(കയായിരു)ന്നു فَسۡـَٔلُوٓاْ = നിങ്ങൾ (ജനമേ) ചോദിച്ചുനോക്കുക

أَهۡلَ ٱلذِّكۡرِ = സ്മൃതിയുള്ളവരോട്(വൈദികരോട്) إِن كُنتُمۡ لَا تَعۡلَمُونَ = നിങ്ങൾ അറിയുന്നില്ലാത്തവരാണെങ്കിൽ

**മൂ**ന്നാം സൂക്തത്തിൽ അവരുന്നയിച്ച, മനുഷ്യൻ പ്രവാചകനാകുന്നതെങ്ങനെ എന്ന വിമർശനത്തിനുള്ള വിശദീകരണമാണിത്. പ്രവാചകന്റെ ആളത്വം നേരത്തെ സൂറഃ *ഇബ്റാഹീം* 10,11, *അൽകഹ്ഫ്* 110 സൂക്തങ്ങളുടെ താഴെ

*ഖുർആൻ ബോധന*ത്തിൽ പരാമർശിച്ചിട്ടുള്ളതാണ്. ഇവിടെ പറയുന്നത് ഇതാണ്: മനുഷ്യൻ പ്രവാചകനാകുന്നത് ലോകത്ത് ഇതാദ്യത്തെ സംഭവമല്ല. തുടക്കം മുതൽ ഇന്നോളം നിയുക്തരായ പ്രവാചകന്മാരെല്ലാം മനുഷ്യരായിരുന്നു. മനുഷ്യനല്ലാത്ത ഒരു പ്രവാചകനെയും ഒരിക്കലും മനുഷ്യരിലേക്കയച്ചിട്ടില്ല. ഇക്കാര്യം ഈ അറബികൾക്കറിഞ്ഞുകൂടെങ്കിൽ വേദക്കാരോട് ചോദിച്ചു നോക്കട്ടെ. ഒട്ടേറെ പ്രവാചകന്മാരുടെ പിൻമുറക്കാരും അനുയായികളുമാണല്ലോ അവർ. മനുഷ്യനല്ലാത്ത ഒരു പ്രവാചകനെ ചൂണ്ടിക്കാണിക്കാൻ അവർക്ക് കഴിയുമോ? മനുഷ്യനാണെന്ന കാരണത്താൽ മുഹമ്മദ് നബിയുടെ പ്രവാചകത്വത്തെ ചോദ്യം ചെയ്യാൻ ഖുറൈശികളെ ഉപദേശിച്ചിരുന്നത് വാസ്തവത്തിൽ വേദക്കാരായിരുന്നു. വിജ്ഞരും വേദവാഹകരുമായി അറബികൾ അംഗീകരിച്ചവരാണവർ. അതിനാൽ ഇക്കാര്യത്തിൽ അവരുടെ സാക്ഷ്യം പ്രതിഭാഗത്തു നിന്നുള്ള സാക്ഷ്യത്തിനു തുല്യവും ആധികാരികവുമാണല്ലോ. أَهْلَ ٱلذِّكْرِ കൊണ്ട് വിവക്ഷിക്കുന്നത് വേദവിശ്വാസികളെയാണ്. ذكر-ന്റെ ഭാഷാർഥം സ്മരണ, പരാമർശം, ഉൽബോധനം എന്നൊക്കെയാണ്. ഖുർആൻ ഉൾപ്പെടെയുള്ള എല്ലാ വേദങ്ങളെയും ഉദ്ദേശിച്ചുകൊണ്ട് ഖുർആൻ ഈ പദം ഉപയോഗിക്കാറുണ്ട്. إِن كُنتُمْ لَا تَعْلَمُونَ എന്ന വാക്യത്തിൽ ഖുറൈശികൾക്കു നേരെ ഒരു വിമർശവുമുണ്ട്. ഇബ്റാഹീം, ഇസ്മാഈൽ പ്രവാചകന്മാരുടെ പിന്മുറക്കാരായ നിങ്ങൾ ഈ യാഥാർഥ്യം അറിഞ്ഞിരിക്കേണ്ടതായിരുന്നു. പ്രവാചകവര്യന്മാരായ ആ പ്രപിതാക്കൾ മനുഷ്യരായിരുന്നുവെന്ന കാര്യം മറക്കാൻ പാടില്ലായിരുന്നു. നിരക്ഷരരായ നിങ്ങൾ അത് മറന്നുപോയെങ്കിൽ, ഇപ്പോൾ വേദവാഹകരായ സഹോദരന്മാരോട് ചോദിച്ചിട്ടെങ്കിലും അതറിഞ്ഞുവെക്കുക.

فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ എന്ന വാക്യത്തെ വിജ്ഞാന സമ്പാദനവുമായി ബന്ധപ്പെട്ട ഒരടിസ്ഥാന പ്രമാണമായി ഇസ്‌ലാമിക പണ്ഡിതന്മാർ വിശദീകരിച്ചിരിക്കുന്നു. ഒന്ന്, അറിവില്ലാത്ത കാര്യങ്ങൾ അറിവുള്ളവരോട് ചോദിച്ചു പഠിക്കണം. യുക്തമായ അന്വേഷണമില്ലാതെ ഊഹാധിഷ്ഠിതമായ നിഗമനങ്ങളിലെത്തുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യരുത്. തനിക്കറിയാത്ത ദീനീ വിഷയങ്ങളിൽ പണ്ഡിതന്മാരോട് ഫത്‌വ ചോദിക്കുന്നത് ഈ വാക്യം നിർബന്ധമാക്കുന്നു. അറിവില്ലാത്ത പാമരന്മാർ പണ്ഡിതന്മാരുടെ നിർദേശം സ്വീകരിക്കുകയും അനുകരിക്കുകയും ചെയ്യണം. രണ്ട്, അറിവില്ലാത്ത കാര്യങ്ങൾ പഠിക്കാൻ ആരെയും ഗുരുവാക്കാം. അയാൾ ആ വിഷയത്തിൽ ആധികാരിക പണ്ഡിതനായിരിക്കണമെന്നു മാത്രം. ഗുരു സ്വന്തം മതക്കാരനോ വേദക്കാരനോ ബഹുദൈവവിശ്വാസിയോ എന്നു പരിഗണിക്കേണ്ടതില്ല. ശരിയും ആധികാരികവുമായ വിവരം ലഭിക്കണമെങ്കിൽ വിശ്വാസപരമായ കാര്യങ്ങളിൽ പോലും വിമതസ്ഥരെ അവലംബിക്കാം.

رجل-ന്റെ ബഹുവചനമാണ് رجال. പുരുഷനാണ് رجل. ആൾ, മനുഷ്യൻ, വ്യക്തി തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. ഇവിടെ പ്രവാചകന്മാർ മലക്കുകളോ മനുഷ്യത്വത്തിന്നതീതരായ മറ്റു സൃഷ്ടികളോ ആയിരിക്കണമെന്ന തെറ്റായ സങ്കൽപത്തെ ഖണ്ഡിച്ചുകൊണ്ട് رجال എന്നുപയോഗിക്കുമ്പോൾ മനുഷ്യർ എന്നു തന്നെയാണർഥം. പ്രവാചകർ സ്ത്രീകളായിരിക്കണമെന്ന് ഖുറൈശികൾ വാദിച്ചിരുന്നില്ല. ആ വാദത്തെയാണ് ഖണ്ഡിക്കുന്നതെങ്കിൽ ഇവിടെ رجال-ന് 'പുരുഷന്മാർ' എന്നു മാത്രമാകുമായിരുന്നു അർഥം. ഈ رجال എന്ന പ്രയോഗത്തെ ആസ്പദമാക്കി സ്ത്രീകൾ പ്രവാചകകളായിട്ടില്ലെന്നും ആവുകയില്ലെന്നും പണ്ഡിതന്മാർ പൊതുവിൽ സിദ്ധാന്തിച്ചിരിക്കുന്നു. സ്ത്രീക്ക് പ്രവാചകത്വം ലഭിച്ചുവെന്നോ ലഭിച്ചിട്ടില്ലെന്നോ ഖുർആൻ പറയുന്നില്ല. സ്ത്രീ പ്രവാചകയായ ഒരു ചരിത്രവും പറയുന്നുമില്ല. ഇതാണ് വസ്തുത. ഈ സൂക്തത്തിലെ رجال എന്ന വാക്ക് മാത്രം സ്ത്രീയുടെ പ്രവാചകത്വത്തെ നിഷേധിക്കാൻ പര്യാപ്തമായ പ്രമാണമാണെന്നു തോന്നുന്നില്ല. رجل എന്ന പദം സ്ത്രീയെയും പുരുഷനെയും ഉദ്ദേശിച്ച് ഖുർആൻ ഉപയോഗിച്ചിട്ടുണ്ട്. ഉദാ: مَّا جَعَلَ ٱللَّهُ لِرَجُلٍ مِّن قَلْبَيْنِ فِى جَوْفِهِۦ (അല്ലാഹു ഒരു റജുലിന്റെയും ഉള്ളിൽ രണ്ട് ഹൃദയങ്ങളുണ്ടാക്കി വെച്ചിട്ടില്ല-33:4). അവിടെ رجل പുരുഷൻ മാത്രമാണെങ്കിൽ സ്ത്രീകൾക്ക് രണ്ട് ഹൃദയമുണ്ടാവാമെന്നും വന്നുകൂടും.

رِجَالٌ لَّا تُلْهِيهِمْ تِجَـٰرَةٌ وَلَا بَيْعٌ عَن ذِكْرِ ٱللَّهِ وَإِقَامِ ٱلصَّلَوٰةِ وَإِيتَآءِ ٱلزَّكَوٰةِ

(അവന്റെ വെളിച്ചത്തിലേക്ക് മാർഗദർശനം സിദ്ധിച്ചവർ, വ്യാപാരമോ കൊള്ളക്കൊടുക്കയോ ഒന്നും അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും നമസ്കാരം നിലനിർത്തുന്നതിൽ നിന്നും സകാത്ത് നൽകുന്നതിൽ നിന്നും അശ്രദ്ധരാക്കാത്ത രിജാൽ ആകുന്നു-24:37). رجال-ന് പുരുഷൻ എന്ന് മാത്രമാണ് അർഥമെങ്കിൽ ഇപ്പറഞ്ഞ ഗുണങ്ങളിൽ നിന്നൊക്കെ സ്ത്രീകൾ പുറത്താണെന്ന് വരും. ■

**8**

وَمَا جَعَلْنَـٰهُمْ = അവരെ (ദൈവദൂതന്മാരെ) നാം ആക്കിയിട്ടില്ല جَسَدًا = ദേഹം لَّا يَأْكُلُونَ = അവർ തിന്നുന്നില്ല(തിന്നാത്ത) ٱلطَّعَامَ = അന്നം وَمَا كَانُوا۟ خَـٰلِدِينَ = അവർ ശാശ്വതന്മാരുമായിരുന്നില്ല(അമരന്മാരായിരുന്നുമില്ല)

**ശാ**രീരികാവശ്യങ്ങളിലും പ്രകൃതിയിലുമെല്ലാം പൂർവ പ്രവാചകന്മാർ മറ്റു മനുഷ്യരെപ്പോലെ തന്നെയായിരുന്നു. ജീവൻ നിലനിർത്താൻ അവരും ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും ചെയ്തിരുന്നു. അവരാരും മരണമില്ലാത്തവരുമായിരുന്നില്ല. മറ്റുള്ളവർ മരിച്ചുപോയ പോലെ അവരും മരിച്ചുപോവുകയായിരുന്നു. മാനുഷികാവശ്യങ്ങൾ, കർമങ്ങൾ, മരണം തുടങ്ങിയവയൊക്കെ പ്രവാചകന്മാർക്കന്യമാണെന്നായിരുന്നു ബഹുദൈവ വിശ്വാസികളുടെ നിലപാട്. *അൽമുഅ്മിനൂൻ* 33,34 സൂക്തങ്ങൾ അവരെ ഉദ്ധരിക്കുന്നു:

مَا هَـٰذَآ إِلَّا بَشَرٌ مِّثْلُكُمْ يَأْكُلُ مِمَّا تَأْكُلُونَ مِنْهُ وَيَشْرَبُ مِمَّا تَشْرَبُونَ ﴿٣٣﴾ وَلَئِنْ أَطَعْتُم بَشَرًا مِّثْلَكُمْ إِنَّكُمْ إِذًا لَّخَـٰسِرُونَ ﴿٣٤﴾

(...ഇയാൾ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രം. നിങ്ങൾ തിന്നുന്നത് തിന്നുന്നു. കുടിക്കുന്നത് കുടിക്കുന്നു. നിങ്ങളെപ്പോലൊരു മനുഷ്യന് വഴിപ്പെടുന്നുവെങ്കിൽ നിങ്ങൾ നഷ്ടം ഭവിച്ചവർ തന്നെ ആയിത്തീരും). *അൽഫുർഖാൻ* 7-ാം സൂക്തം പറയുന്നു: "അവർ ഘോഷിച്ചു. ഇതെന്തു പ്രവാചകൻ! അന്നം തിന്നുന്നു, അങ്ങാടിയിൽ നടക്കുന്നു!!" പ്രവാചകൻ അമരനായിരിക്കണം എന്ന തെറ്റിദ്ധാരണയെ ദൂരീകരിക്കുകയാണ് وَمَا كَانُوا۟ خَـٰلِدِينَ എന്ന വാക്യം. ഈ സൂറയിലെ 34,35 സൂക്തങ്ങളിൽ ഇതു സംബന്ധിച്ച് ഇങ്ങനെയും പറയുന്നുണ്ട്:

وَمَا جَعَلْنَا لِبَشَرٍ مِّن قَبْلِكَ ٱلْخُلْدَ ۖ أَفَإِي۟ن مِّتَّ فَهُمُ ٱلْخَـٰلِدُونَ ﴿٣٤﴾
كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۗ

(നിനക്ക് മുമ്പ് ഒരു മനുഷ്യനെയും നാം ചിരഞ്ജീവിയാക്കിയിട്ടില്ല. നീ മരിച്ചാൽ അവർ എന്നെന്നും ജീവിച്ചിരിക്കുമോ? എല്ലാ ജീവിയും മരണം രുചിച്ചേ തീരൂ). ജീവനുള്ള മറ്റെല്ലാ സൃഷ്ടികൾക്കുമെന്ന പോലെ പ്രവാചകന്നും മരണം അനിവാര്യമാകുന്നു എന്നർഥം. അദ്ദേഹത്തെ പ്രവാചകനായി അംഗീകരിക്കാൻ മറ്റുള്ളവർക്ക് അതൊരിക്കലും തടസ്ഥമല്ല. ■

**9**

ثُمَّ صَدَقْنَـٰهُمُ ٱلْوَعْدَ = പിന്നെ അവർക്കു നാം വാഗ്ദാനം സത്യമാക്കി (ആ ദൈവദൂതന്മാരോടുള്ള വാഗ്ദാനം പാലിച്ചു)
فَأَنجَيْنَـٰهُمْ = അങ്ങനെ അവരെ നാം രക്ഷിച്ചു وَمَن نَّشَآءُ = നാം ഉദ്ദേശിച്ച(മറ്റുള്ള)വരെയും وَأَهْلَكْنَا = നാം നശിപ്പിച്ചുകളഞ്ഞു
ٱلْمُسْرِفِينَ = (അധർമത്തിൽ) അതിരുവിട്ടവരെ

**ഇ**വിടെ വാഗ്ദാനം കൊണ്ടുദ്ദേശ്യം അല്ലാഹു പ്രവാചകവര്യന്മാർക്ക് നൽകിയ ഈ വാഗ്ദാനമാണ്: നിങ്ങളെ നിഷേധിക്കുകയും ആക്രമിക്കുകയും ചെയ്യുന്നവരെ നാം ശിക്ഷിക്കും. നിങ്ങളെയും നിങ്ങളുടെ അനുയായികളെയും രക്ഷിക്കുകയും ചെയ്യും. ശിക്ഷ ഐഹികവും പാരത്രികവുമുണ്ട്. ഈ സന്ദർഭത്തിൽ ഉദ്ദേശ്യം ഐഹിക ശിക്ഷയാണ്. അക്രമികൾ ഇഹലോകത്തുതന്നെ ശിക്ഷിക്കപ്പെട്ട സംഭവങ്ങൾ നിരവധിയാണ്. നൂഹിന്റെ ജനത, സദോംവാസികൾ, ആദ്-സമൂദ് ഗോത്രങ്ങൾ തുടങ്ങിയവ ഉദാഹരണം. ഇഹലോകത്തു നിന്ന് ഉന്മൂലനം ചെയ്യപ്പെട്ട ഈ ജനതകളിലേക്കെല്ലാം നിയുക്തരായ പ്രവാചകന്മാരെയും അവരെ അനുസരിച്ചവരെയും അല്ലാഹു രക്ഷിക്കുകയായിരുന്നു. പ്രവാചക ശിഷ്യന്മാരെ مَن نَّشَآءُ (നാം ഉദ്ദേശിക്കുന്നവർ) എന്ന് വർത്തമാന വചനത്തിൽ പരാമർശിച്ചത് ഇതൊരു കഴിഞ്ഞകാല കഥയല്ല, ഇപ്പോഴും തുടരുന്ന നടപടിക്രമമാണ് എന്ന സൂചിപ്പിക്കുന്നു. അല്ലാഹുവിന്റെ ഇഛ ഒന്നു മാത്രമേ അത് സംഭവിക്കാൻ വേണ്ടൂ. ഖുറൈശികൾ ആ നശിച്ചുപോയ സമുദായങ്ങളുടെ പാത പിന്തുടരുകയാണെങ്കിൽ അവരുടെ ഗതി തന്നെയാണ് ഇവരെയും കാത്തിരിക്കുന്നത്. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും കിടന്നു പുളയുകയും പ്രവാചകന്മാരുടെ സത്യസന്ദേശം പരിഹസിച്ചു തള്ളുകയും ചെയ്യുന്നവരാണ് ഇവിടെ مسرفين. ■

**10**

لَقَدْ أَنزَلْنَآ إِلَيْكُمْ = തീർച്ചയായും നിങ്ങൾക്ക് (ഇതാ) നാം ഇറക്കിത്തന്നിരിക്കുന്നു كِتَـٰبًا = ഒരു (സത്യ)വേദം
فِيهِ = അതിൽ ഉണ്ട് (ഉള്ളത്) ذِكْرُكُمْ = നിങ്ങളുടെ(ങ്ങൾക്കുള്ള) ഉൽബോധനമാകുന്നു
أَفَلَا تَعْقِلُونَ = നിങ്ങൾ മനസ്സിലാക്കുന്നില്ലെയോ

**ഈ** ദുർഗതിയിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹു നിങ്ങൾക്കിതാ ഒരു സത്യവേദം അവതരിപ്പിച്ചുതന്നിരിക്കുന്നു. നിങ്ങളുടെ ജീവിതത്തിന്റെ അർഥവും ലക്ഷ്യവും അത് സാക്ഷാത്കരിക്കാനുള്ള മാർഗവും, ജീവിതം പാഴാകുന്നതും നിത്യ നരകത്തിനിരയാകുന്നതും ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളും മറ്റും അതിൽ നന്നായി വിശദീകരിക്കുന്നു. നാളെ ജീവിതം വിചാരണാ വിധേയമാകുമ്പോൾ 'ഇങ്ങനെയൊരു വിചാരണയെക്കുറിച്ചൊന്നും ഞങ്ങൾ അറിഞ്ഞിരുന്നില്ലല്ലോ' എന്ന് വിലപിക്കാതിരിക്കാനാണിത്. ഇതാണ് അല്ലാഹുവിന്റെ നടപടിക്രമം. അല്ലാതെ മുഹമ്മദിന്റെയോ മറ്റാരുടെയോ താൽപര്യ പ്രകാരമല്ല ഈ പ്രവാചകാഗമനവും വേദാവതരണവും. നിങ്ങൾ നിഷേധിച്ചതു കൊണ്ട് ഈ ദീൻ റദ്ദാകുന്നില്ല. നിഷേധിക്കുകയാണെങ്കിൽ, നിഷേധിച്ച പൂർവ സമുദായങ്ങളിൽ നടപ്പിലായ ദൈവികചര്യ നിങ്ങളിലും നടപ്പിലാവുകയായിരിക്കും അതിന്റെ ഫലം. നിങ്ങളുടെ കാര്യത്തിൽ മാത്രമായി അത് മാറാൻ പോകുന്നില്ല. أَفَلَا تَعْقِلُونَ എന്ന വാക്യം ഈ സന്ദർഭത്തിൽ ശക്തമായ ഒരു താക്കീതാണ്. ഹേ മൂഢന്മാരേ, ഇനിയും ഇതൊന്നും മനസ്സിലാക്കാത്തതെന്ത്? നിങ്ങളുടെ ബുദ്ധി എവിടെപ്പോയൊളിച്ചിരിക്കുകയാണ്? ഇപ്പോഴും സ്വന്തം നാശം ക്ഷണിച്ചുവരുത്തിക്കൊണ്ടിരിക്കുകയാണല്ലോ നിങ്ങൾ! ■